# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1587

04-12-2018-ൽ മറുപടിക്ക്

## 'കേരഫെഡ്' ' അഴിമതി

| ചോദ്യം<br>ശ്രീ. കെ.വി. വിജയദാസ് | | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ (2011-16) നടന്ന 'കേരഫെഡ്' അഴിമതി സംബന്ധിച്ച അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) | കേരഫെഡിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാതി ബഹു.സഹകരണ സംഘം രജിസ്ട്രാറുടെ കത്ത് പ്രകാരം സഹകരണ വിജിലൻസ് ഓഫീസർക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ, സഹകരണ വിജിലൻസ് ഓഫീസർ സൗത്ത് സോൺ പരാതി അന്വേഷിച്ച് സമർപ്പിച്ച റിപ്പോർട്ട് കേരഫെഡിൽ ലഭിച്ചിരുന്നെന്നും ഇതിൽ അന്തിമ റിപ്പോർട്ടാണെന്ന് രേഖപ്പെടുത്തിയിട്ടില്ലായെന്നും കേരഫെഡ് എം.ഡി. അറിയിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ ആരോപണം 1 പ്രകാരം CP 1 മുതൽ CP 12 വരെയുള്ളവർക്കെതിരെ, അഴിമതി നിരോധന നിയമ വകുപ്പ് 13 (1) (C) & (d) r/W 13 (2) IPE 409 &120 (B) പ്രകാരം കേസെടുത്ത് നടപടി സ്വീകരിക്കുന്നതിന് ഗവണ്മെന്റ് മുഖാന്തിരം വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിലേക്ക് ആവശ്യപ്പെടുകയും തുടർന്ന് അന്നത്തെ കേരഫെഡ് മാനേജിങ് ഡയറക്ടർ ശ്രീ. അശോക് കുമാർ തെക്കനെതിരെ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.<br>ശ്രീ. അശോക് കുമാർ തെക്കൻ, കേരഫെഡ് മാനേജിങ് ഡയറക്ടറായിരുന്ന കാലയളവിൽ (07-09-2004 മുതൽ 30-11-2005 വരെയും 06-02-2012 മുതൽ 18-02-2016 വരെയും) കേരഫെഡിൽ നടന്ന നിയമനങ്ങൾ |

സംബന്ധിച്ചും കേരംഫെഡിലെ വിവിധ ക്രമക്കേടുകൾ സംബന്ധിച്ചും വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് 1 ൽ വി.സി.3/18/എസ്.ഐ.യു.-1 എന്ന നമ്പറിലും, 2014-2015 കാലയളവിൽ കേരഫെഡ് കരുനാഗപ്പള്ളി ഫാക്ടറിയിൽ 50 കൊപ്രയാട്ടു യന്ത്രം സ്ഥാപിച്ചതിലെ അഴിമതിയുമായി ബന്ധപ്പെട്ട് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, ദക്ഷിണ മേഖല ഓഫീസിൽ വി.സി.4/17/എസ്.ആർ.ടി എന്ന നമ്പറിലും വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

കേരഫെഡിൽ പച്ചത്തേങ്ങ സംഭരണം, ഉണക്ക് യന്ത്രങ്ങൾ വാങ്ങുന്നതിനും അനുബന്ധ ഷെഡ്ഡുകളുടെ നിർമ്മാണത്തിനായും ഉള്ള ദർഘാസ് നടപടികളിലെയും, കരുനാഗപ്പള്ളി, നടുവണ്ണൂർ പ്ലാന്റുകളുടെ ശേഷി വർദ്ധനയ്ക്ക് വേണ്ടിയുള്ള യന്ത്രങ്ങളും മറ്റും വാങ്ങിയതിനായി ക്ഷണിച്ച ദർഘാസ് നടപടികളിലെയും ക്രമക്കേടുകൾ എന്നിവ സംബന്ധിച്ച് കൃഷി വകുപ്പിലെ സ്പെഷ്യൽ വിജിലൻസ് സെൽ അന്വേഷണം നടത്തിയിരുന്നു.

സെക്രട്ടേറിയറ്റ് ധനകാര്യ (പരിശോധന -എൻ.റ്റി.കെ ) വകുപ്പ് കേരഫെഡിൽ 2011 ഡിസംബർ, 2012 ജനുവരി മാസങ്ങളിൽ പരിശോധന നടത്തിയിരുന്നു. കേരഫെഡിൽ ജീവനക്കാർക്ക് ക്രമ വിരുദ്ധമായി നൽകിയ പ്രൊമോഷനുകൾ ശമ്പളപരിഷ്കരണങ്ങൾ, കൊപ്ര വാങ്ങുന്നതിലെ അഴിമതികൾ, കേരഫെഡിൽ നടന്നിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളിലെ അഴിമതികൾ, വിവിധ ബാങ്കുകളിൽ സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി സ്ഥിര നിക്ഷേപം നടത്തിയത്, മറ്റു സാമ്പത്തിക ക്രമക്കേടുകൾ എന്നിവ അന്വേഷിച്ച റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി പരിശോധനയിൽ കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ (2011 മെയ് 18 മുതൽ 2016 മെയ് 20 വരെ ) കേരഫെഡിൽ നടന്ന

| | | | |
|---|---|---|---|
| | | | മൂന്ന് തെറ്റായ നടപടികൾ കണ്ടെത്തി ശുപാർശകൾ നൽകിയിട്ടുണ്ട്. ടി ശുപാർശകൾ ഇവയാണ്.<br><br>(1) ശുപാർശ നം. 8: M/S St.Mary's Oil Industries, Muvattupuzha എന്ന ഓയിൽ പ്ലാന്റുമായി കരാറിൽ ഏർപ്പെട്ടതിൽ കേരഫെഡിന് വൻ സാമ്പത്തിക ബാദ്ധ്യതയുണ്ടായിട്ടുണ്ട്. കേരഫെഡിനു ണ്ടായ സാമ്പത്തിക നഷ്ടം ബന്ധപ്പെട്ട വരിൽ നിന്നും ഈടാക്കാൻ ഭരണവകുപ്പ് നടപടികൾ കൈക്കൊള്ളേണ്ടതാണ്.<br>(2) ശുപാർശ നം.10: കേരഫെഡ് വൈസ് ചെയർമാന് നിയമവിരുദ്ധമായി ഓണറേറിയം നൽകിയത് തിരികെ പിടിക്കേണ്ടതാണ്.<br>(3) ശുപാർശ നം.13: കേരഫെഡിന്റെ payment മായി ബന്ധപ്പെട്ട ചെക്കുകൾ സംയുക്തമായി ഒപ്പിടാനുള്ള അധികാരം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്കും ഡയറക്ടർ (ഫിനാൻസ്)/ഫിനാൻസ് ഓഫീസർക്കുമായി നിജപ്പെടുത്തേണ്ടതാണ്. |
| (ബി) | ഈ വിഷയത്തിൽ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ ? | (ബി) | സഹകരണ വിജിലൻസ് സെല്ലിന്റെ അന്വേഷണ റിപ്പോർട്ടിൻ പ്രകാരം, ആരോപണം (2) ഇൽ CP 4 - CP 13, എന്നിവരിൽ നിന്നും സർക്കാരിനു നഷ്ടമായ നികുതി ഇനത്തിലെ 7915 രൂപയും പലിശ ഉൾപ്പെടെ W-8 ശ്രീ. ഷാമേഴ്സ് ഫിലിപ്പ് തിരികെ അടച്ചിരിക്കുന്നു. CP 13- ശ്രീ മുഹമ്മദ് ഷെരീഫിന്റെ ശമ്പളത്തിൽ നിന്നും തിരികെ ഈടാക്കാൻ നോട്ടീസ് നൽകിയിട്ടുണ്ട്. ടിയാൻ 29-12-2016 മുതൽ സസ്പെൻഷനിൽ ആയതിനാൽ ടിയാളുടെ ശമ്പളത്തിൽ നിന്നും ഈടാക്കാൻ സാധിച്ചിട്ടില്ല. ടി ജീവനക്കാരൻ സർവീസിൽ നിന്നും വിരമിച്ചെങ്കിലും വിജിലൻസ് കേസ് നിലനിൽക്കുന്നതിനാൽ ആനുകൂല്യങ്ങൾ ഒന്നും തന്നെ നൽകിയിട്ടില്ല. ടിയാളുടെ ആനുകൂല്യങ്ങൾ നൽകുന്ന മുറക്ക് ടി തുക പലിശ സഹിതം ഈടാക്കാനുള്ള നിർദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വി.സി.3/18/എസ്.ഐ.യു.-1, വി.സി.4/17/എസ്.ആർ.ടി എന്നീ നമ്പർ വിജിലൻസ് കേസുകളിൽ അന്വേഷണം നടന്നു വരുന്നു.<br><br>കൃഷി വകുപ്പിലെ സ്പെഷ്യൽ വിജിലൻസ് സെൽ അന്വേഷണത്തെ തുടർന്ന് ശ്രീ. അശോക് കുമാർ തെക്കനെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ ചുമതലകളിൽ നിന്നും മാറ്റിയിരുന്നു.<br><br>സെക്രട്ടേറിയറ്റ് ധനകാര്യ (പരിശോധന -എൻ.റ്റി.കെ) വകുപ്പിന്റെ ശുപാർശകളിൽ 8,13 എന്നിവ ഒഴിവാക്കി നൽകിയിട്ടുണ്ട്. ശുപാർശ നം .10: മേൽ കേരഫെഡ് എം.ഡി. സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ